## 2024 ഇന്റർനാഷണൽ ചൈനീസ് സ്പീക്കിംഗ് കോൺഫറൻസ്

## നീതിയുടെ കിരീടമായി
## ക്രിസ്തുവിന്റെ പ്രതിഫലം പ്രാപിക്കുന്നതിനായി
## നല്ല പോർ പൊരുതുകയും, ഓട്ടം തികയ്ക്കുകയും, വിശ്വാസം കാക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുകയും ചെയ്യുക

## ദൂത് മൂന്ന്

## വിശ്വാസം കാക്കുക

NL, MC *Hymns*: E832

വേദഭാഗം: 2 തിമൊ. 4:7; 1 തിമൊ. 1:19; 3:9; 4:1; 6:12; 1 തെസ്സ. 3:2; യൂദാ 3

2 Tim. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

1 Tim. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

1 Tim. 3:9 വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

1 Tim. 4:1 എന്നാൽ ആത്മാവ് സ്പഷ്ടമായി പറയുന്നു, വരുംകാലങ്ങളിൽ ചിലർ വഞ്ചിക്കുന്ന ആത്മാക്കൾക്കും ഭൂതങ്ങളുടെ ഉപദേശങ്ങൾക്കും ശ്രദ്ധകൊടുത്തുകൊണ്ട് വിശ്വാസത്തിൽ നിന്ന് പിൻവാങ്ങും,

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

1 Thes. 3:2 നിങ്ങളുടെ വിശ്വാസം ഹേതുവായി നിങ്ങളെ സ്ഥിരപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമായി, നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷത്തിൽ ദൈവത്തിന്റെ കൂട്ടുവേലക്കാരനുമായ തിമൊഥെയൊസിനെ, ഞങ്ങൾ അയച്ചു,

Jude. 1:3 പ്രിയരേ, നമ്മുടെ പൊതുരക്ഷയെ സംബന്ധിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല ശുഷ്കാന്തിയും ഉപയോഗിക്കുമ്പോൾ, വിശുദ്ധന്മാർക്ക് ഒരിക്കലായി ഏൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി ആത്മാർഥമായി പോരാടുവാൻ നിങ്ങളെ എഴുതി പ്രബോധിപ്പിക്കുന്നത് ആവശ്യം എന്ന് എനിക്കു തോന്നി.

**I. പുതിയനിയമത്തിൽ, വിശ്വാസം വസ്തുനിഷ്ഠവും വ്യക്തിനിഷ്ഠവുമാണ്:**

A. വസ്തുനിഷ്ഠമായ വിശ്വാസം നമ്മുടെ വിശ്വാസത്തിന്റെ വിഷയത്തെ, അതായത് നാം വിശ്വസിക്കുന്ന കാര്യങ്ങളെ പരാമർശിക്കുന്നു; ഈ വസ്തുനിഷ്ഠമായ വിശ്വാസത്തിൽ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കങ്ങൾ ഉൾപ്പെടുന്നു—എഫെ. 4:13; 2 തിമൊ. 4:7:

Eph. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

2 Tim. 4:7c ...വിശ്വാസം കാത്തു..

1. എഫെസ്യർ 4:12-ലെ *വിശ്വാസം* വിശ്വസിക്കുന്ന പ്രവൃത്തിയെന്ന വിശ്വാസമല്ല, മറിച്ച് വസ്തുനിഷ്ഠമായ വിശ്വാസമാണ്.

Eph 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്,

ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,,

2. വസ്തുനിഷ്ഠമായ വിശ്വാസത്തിന്റെ ഇനങ്ങൾ നമ്മുടെ രക്ഷയോടു ബന്ധപ്പെട്ട ഇനങ്ങൾ മാത്രമാണ്—മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ വ്യക്തിയോടും വേലയോടും ബന്ധപ്പെട്ട ഇനങ്ങൾ മാത്രമാണ്—യോഹ. 3:16; 1:18; 1 യോഹ. 4:9.

John. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

John. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

1 John. 4:9 നമുക്ക് ജീവൻ ഉണ്ടായിട്ട് അവനിലൂടെ ജീവിക്കേണ്ടതിന് തന്റെ ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചു എന്നതിൽ, ദൈവസ്നേഹം നമ്മുടെ ഇടയിൽ വെളിവായി.

B. വ്യക്തിനിഷ്ഠമായ വിശ്വാസം വിശ്വാസിക്കുക എന്ന നമ്മുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു—യോഹ. 3:15-16:

John. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

John. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

1. ഈ അർഥമനുസരിച്ച്, കർത്താവിൽ വിശ്വാസം ഉണ്ടായിരിക്കുകയെന്നാൽ അവനിൽ വിശ്വസിക്കുക എന്നാണ്.
2. ക്രിസ്തുവിലുള്ള എല്ലാ യഥാർത്ഥ വിശ്വാസികളും ക്രിസ്തുവിനോടു ബന്ധപ്പെട്ട വിശ്വാസം ഉണ്ടായിരിക്കുന്നതിൽ ഒന്നാണ്.

C. 1 തെസ്സലൊനീക്യർ 3:2-ൽ വിശ്വാസം 5, 6, 10 എന്നീ വാക്യങ്ങളിലെന്നപോലെ വിശുദ്ധന്മാർ വിശ്വസിക്കുന്നതിനെ പരാമർശിക്കുന്ന വ്യക്തിനിഷ്ഠം മാത്രമല്ല, മറിച്ച് 1 തിമൊഥെയൊസ് 3:9; 4:1; 2 തിമൊ. 4:7 എന്നിവയിലെപ്പോലെ നാം എന്തിൽ വിശ്വസിക്കുന്നു എന്നതിനെ പരാമർശിക്കുന്ന വസ്തുനിഷ്ഠവുമാണ്.

1 Thes. 3:2 നിങ്ങളുടെ വിശ്വാസം ഹേതുവായി നിങ്ങളെ സ്ഥിരപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമായി, നമ്മുടെ സഹോദരനും ക്രിസ്തുവിന്റെ സുവിശേഷത്തിൽ ദൈവത്തിന്റെ കൂട്ടുവേലക്കാരനുമായ തിമൊഥെയൊസിനെ, ഞങ്ങൾ അയച്ചു,

1 Thes. 3:5 ഇതു നിമിത്തം, എനിക്ക് അത് ഒട്ടും സഹിക്കുവാൻ കഴിയാതെ വന്നപ്പോൾ, ഒരുപക്ഷേ പരീക്ഷകൻ നിങ്ങളെ പരീക്ഷിക്കുകയും ഞങ്ങളുടെ അധ്വാനം വ്യഥാവാകാതിരിക്കേണ്ടതിനും, നിങ്ങളുടെ വിശ്വാസത്തെ സംബന്ധിച്ച് കണ്ടെത്തുവാൻ ഞാൻ ആളയച്ചു.

1 Thes. 3:6 എന്നാൽ തിമൊഥെയൊസ് ഇപ്പോൾ നിങ്ങളുടെ പക്കൽ നിന്ന് ഞങ്ങളുടെ അടുക്കൽ വരുകയും, നിങ്ങളുടെ വിശ്വാസത്തെയും

സ്നേഹത്തെയും, ഞങ്ങളെക്കുറിച്ച് എപ്പോഴും നിങ്ങൾക്കുള്ള കരുണാർദ്ര സ്മരണയെയും, ഞങ്ങൾ നിങ്ങളെ കാണുവാൻ വാഞ്ഛിക്കുന്നതു പോലെ നിങ്ങളും ഞങ്ങളെ കാണുവാൻ വാഞ്ഛിക്കുന്നു എന്ന സദ്വർത്തമാനം ഞങ്ങളോട് അറിയിക്കുകയും,

1 Thes. 3:10 നിങ്ങൾ നിമിത്തം നമ്മുടെ ദൈവത്തിനു മുമ്പാകെ ഞങ്ങൾ സന്തോഷിക്കുന്ന സകല സന്തോഷത്തിനും നിങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ദൈവത്തിന് എന്ത് സ്തോത്രം മടക്കിക്കൊടുക്കുവാൻ സാധിക്കുന്നു?

1 Tim. 3:9 വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

1 Tim. 4:1 എന്നാൽ ആത്മാവ് സ്പഷ്ടമായി പറയുന്നു, വരുംകാലങ്ങളിൽ ചിലർ വഞ്ചിക്കുന്ന ആത്മാക്കൾക്കും ഭൂതങ്ങളുടെ ഉപദേശങ്ങൾക്കും ശ്രദ്ധകൊടുത്തുകൊണ്ട് വിശ്വാസത്തിൽ നിന്ന് പിൻവാങ്ങും,

1 Tim. 4:2 കളവ് സംസാരിക്കുന്നവരുടെ കാപട്യത്തിന്റെ ഉപാധിയാൽ തന്നെ, അവർ ചുട്ടുപഴുത്ത ഇരുമ്പുകൊണ്ടെന്നപോലെ തങ്ങളുടെ സ്വന്തം മനസ്സാക്ഷിയിൽ അടയാളപ്പെടുത്തിയവർ,

2 Tim. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

1. വിശ്വാസത്തിന്റെ ഈ രണ്ടു വശങ്ങളും പരസ്പരം ഉൾക്കൊള്ളുന്നു.
2. നമ്മുടെ വിശ്വാസം (വ്യക്തിനിഷ്ഠ വിശ്വാസം) നാം വിശ്വസിക്കുന്ന കാര്യങ്ങളിൽ നിന്നും നാം വിശ്വസിക്കുന്ന കാര്യങ്ങളിലും (വസ്തുനിഷ്ഠമായ വിശ്വാസം) ആണ്.

## II. "ഞാൻ വിശ്വാസം കാത്തു"—വാ. 7:

A. ഇവിടെ *വിശ്വാസം* വസ്തുനിഷ്ഠമാണ്.

B. ഈ വാക്യത്തിലെ *വിശ്വാസം* എന്ന പദം, നമ്മുടെ വിശ്വാസത്തിന്റെ വസ്തുവായി അവന്റെ വ്യക്തിത്വത്തെയും അവന്റെ വീണ്ടെടുപ്പിൻ വേലയെയും എടുത്തുകൊണ്ട് ക്രിസ്തുവിൽ നാം വിശ്വസിക്കുന്നതിനെ വിവക്ഷിക്കുന്നു—1 തിമൊ. 1:19; ഗലാ. 1:23.

1 Tim. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

Gal. 1:23 എന്നാൽ അവർ ഇതു മാത്രം കേട്ടു: മുമ്പ് നമ്മെ ഉപദ്രവിച്ചുകൊണ്ടിരുന്നവൻ, താൻ മുമ്പ് സംഹരിച്ച വിശ്വാസത്തെ ഇപ്പോൾ സുവിശേഷമായി അറിയിക്കുന്നു.

C. വിശ്വാസം കാക്കുകയെന്നാൽ ദൈവത്തിന്റെ മുഴുവൻ പുതിയനിയമ വ്യവസ്ഥയും— ദൈവത്തിന്റെ ദേഹരൂപവും ദൈവത്തിന്റെ മർമ്മവുമായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ശരീരവും ക്രിസ്തുവിന്റെ മർമ്മവുമായ സഭയെയും സംബന്ധിച്ച വിശ്വാസം— കാക്കുന്നതാണ്—1 തിമൊ. 1:4.

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു

പോലെ തന്നെ.

III. **1 തിമൊഥെയൊസ് 6:12 പറയുന്നു, "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക":**

A. വിശ്വാസത്തിനുവേണ്ടി പൊരുതുകയെന്നാൽ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കുവേണ്ടി പൊതുതുക എന്നാണ് അർഥമാക്കുന്നത്.

B. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സമ്പൂർണ സുവിശേഷത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി പൊരുതുന്നതാണ്—എഫെ. 1:9-10; 1 തിമൊ. 1:4.

Eph. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

Eph. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

C. വ്യത്യസ്ത പഠിപ്പിക്കലുകൾ നിമിത്തം, സഭ ഇപ്പോൾത്തന്നെ അധഃപതിക്കുകയും, വിശ്വാസത്തിൽനിന്നും വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു—വാ. 3.

1 Tim. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

D. വിശ്വാസത്തിൽനിന്നുള്ള വ്യതിചലനത്തിനെതിരെ പൊരുതുവാൻ, അതായത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ പൗലൊസ് തിമൊഥെയൊസിനോട് ആവശ്യപ്പെട്ടു—6:12.

1 Tim. 6:12a വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക;...

IV. **1 തിമൊഥെയൊസ് 6:12-ൽ പൗലൊസ് തുടർന്നു പറയുന്നു, "നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്ക് നിന്നെ വിളിച്ചിരിക്കുന്നു":**

A. ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതിന് നാം ഈ ജീവനെ—നിത്യജീവനെ, ദിവ്യജീവനെ—മുറുകെപ്പിടിക്കുകയും മനുഷ്യജീവനിൽ ആശ്രയിക്കാതിരിക്കുകയും വേണം—വാ. 12.

1 Tim. 6:12b ...നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും ...

B. നാം വസ്തുനിഷ്ഠമായി മാത്രമല്ല, വ്യക്തിനിഷ്ഠമായും നിത്യജീവനെ മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നു—വ. 12.

1 Tim. 6:12b ...നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും ...

C. നാം നിത്യജീവനെ മുറുകെപ്പിടിക്കണം; അപ്പോൾ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ നാം പ്രാപ്തരായിരിക്കും—വാ. 12.

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

V. **ശരിയായ ക്രിസ്തീയ ജീവിതത്തിൽ ദൈവത്തിന്റെ വ്യവസ്ഥയിലെ ദിവ്യ സമ്പത്തിൽ പങ്കുചേരുവാനായി വിശ്വാസം കാക്കുന്നത് ഉൾപ്പെടുന്നു—1:19; 3:9; 4:1; 6:12; തീത്തൊ. 1:4; യൂദാ 3:**

1 Tim. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

1 Tim. 3:9 വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

1 Tim. 4:1 എന്നാൽ ആത്മാവ് സ്പഷ്ടമായി പറയുന്നു, വരുംകാലങ്ങളിൽ ചിലർ വഞ്ചിക്കുന്ന ആത്മാക്കൾക്കും ഭൂതങ്ങളുടെ ഉപദേശങ്ങൾക്കും ശ്രദ്ധകൊടുത്തുകൊണ്ട് വിശ്വാസത്തിൽ നിന്ന് പിൻവാങ്ങും,

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

Titus. 1:4 പൊതുവിശ്വാസപ്രകാരം നിജ മകനായ തീത്തൊസിന്: പിതാവായ ദൈവത്തിൽനിന്നും നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിൽനിന്നും കൃപയും സമാധാനവും ഉണ്ടാകട്ടെ.

Jude. 1:3 പ്രിയരേ, നമ്മുടെ പൊതുരക്ഷയെ സംബന്ധിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല ശുഷ്കാന്തിയും ഉപയോഗിക്കുമ്പോൾ, വിശുദ്ധന്മാർക്ക് ഒരിക്കലായി ഏൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി ആത്മാർഥമായി പോരാടുവാൻ നിങ്ങളെ എഴുതി പ്രബോധിപ്പിക്കുന്നത് ആവശ്യം എന്ന് എനിക്കു തോന്നി.

A. ദൈവത്തിന്റെ വ്യവസ്ഥ വിശ്വാസത്തിലുള്ള ഒരു കാര്യമാണ്, അതായത്, വിശ്വാസത്തിന്റെ മണ്ഡലത്തിലും മൂലകത്തിലും ആരംഭിക്കുകയും വികാസംപ്രാപിക്കുകയും ചെയ്ത ഒരു കാര്യമാണ്—1 തിമൊ. 1:4.

1 Tim. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

B. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് തന്നെത്തന്നെ പകരുക എന്ന ദൈവത്തിന്റെ വ്യവസ്ഥ, സ്വാഭാവിക മണ്ഡലത്തിലോ ന്യായപ്രമാണത്തിന്റെ വേലയിലോ ഉള്ള ഒരു കാര്യമല്ല, മറിച്ച് ക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടുംജനനത്തിലൂടെ പുതിയ സൃഷ്ടിയുടെ ആത്മിക മണ്ഡലത്തിലുള്ള ഒരു കാര്യമാണ്—2 കൊരി. 5:17; ഗലാ. 3:23-26.

2 Cor. 5:17 അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

Gal. 3:23 എന്നാൽ വിശ്വാസം വരുന്നതിനുമുമ്പ്, വെളിപ്പെടുവാനിരുന്ന, വിശ്വാസത്തിങ്കലേക്ക് നമ്മെ ന്യായപ്രമാണത്തിൻകീഴിൽ അടച്ച് സൂക്ഷിച്ചിരുന്നു.

Gal. 3:24 അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിങ്കലേക്ക് നടത്തുന്ന നമ്മുടെ ശിശുപാലകനായിത്തീർന്നു.

Gal. 3:25 എന്നാൽ വിശ്വാസം വന്നതിനാൽ നാം ഇനി ശിശുപാലകന് കീഴിൽ അല്ല.

Gal. 3:26 എന്തെന്നാൽ നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിലുള്ള വിശ്വാസം മുഖാന്തരം ദൈവപുത്രന്മാർ ആകുന്നു.

C. അവന്റെ പുത്രന്മാരാകുവാനും, അവനെ ആവിഷ്കരിക്കുവാൻ അവന്റെ ജീവനിലും പ്രകൃതത്തിലും പങ്കുചേരുവാനും നാം വിശ്വാസത്താൽ ദൈവത്തിൽനിന്നു ജനിച്ചു—യോഹ. 1:12-13:

John. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

John. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

1. അവൻ ആയിരിക്കുന്നതെല്ലാം അവന്റെ ആവിഷ്കാരത്തിനുവേണ്ടി പങ്കിടുന്ന ശരീരത്തിന്റെ അവയവങ്ങളായിത്തീരുവാൻ വിശ്വാസത്താൽ നാം ക്രിസ്തുവിലേക്ക് വയ്ക്കപ്പെടുന്നു—റോമ. 12:4-5.

Rom. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

Rom. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

2. ഇതാണ് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ അനുസരിച്ച് വിശ്വാസത്തിൽ നിർവഹിക്കപ്പെടുന്ന ദൈവത്തിന്റെ പദ്ധതി.

**VI. നാം വിശ്വാസത്തിന്റെ മർമം നിർമല മനസ്സാക്ഷിയിൽ മുറുകെപ്പിടിക്കണം—1 തിമൊ. 3:9:**

1 Tim. 3:9 വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

A. വിശ്വാസം എന്നത് നാം വിശ്വസിക്കുന്ന കാര്യങ്ങളെ, സുവിശേഷത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെ, പരാമർശിക്കുന്നു—റോമ. 1:1, 3-4.

Rom. 1:1 ദൈവത്തിന്റെ, സുവിശേഷത്തിനായി വേർതിരിക്കപ്പെട്ട, ക്രിസ്തു യേശുവിന്റെ അടിമയും, വിളിക്കപ്പെട്ട അപ്പൊസ്തലനുമായ പൗലൊസ്,

Rom. 1:3 ജഡം സംബന്ധിച്ച് ദാവീദിന്റെ, സന്തതിയിൽനിന്ന് വരുകയും,

Rom. 1:4 വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്ത, അവന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെക്കുറിച്ച് തന്നെ,

B. വിശ്വാസത്തിന്റെ മർമം മുഖ്യമായും ദൈവത്തിന്റെ മർമമായ ക്രിസ്തുവും, ക്രിസ്തുവിന്റെ മർമമായ സഭയും ആണ്—കൊലൊ. 2:2; എഫെ. 3:4.

Col. 2:2 അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ

സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമ്മത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു.

Eph. 3:4 അതു വായിച്ചാൽ ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം നിങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയും

C. വിശ്വാസത്തിന്റെ മർമത്തെ മുറുകെപ്പിടിക്കുന്നതിന്, നമുക്ക് ഒരു നിർമല മനസ്സാക്ഷി, ഏതു കലർപ്പിൽനിന്നും നിർമലീകരിക്കപ്പെട്ട ഒരു മനസാക്ഷി, ഉണ്ടായിരിക്കണം—1 തിമൊ. 3:9; 1:19.

1 Tim. 3:9 വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

1 Tim. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

**VII. യൂദാ തന്റെ ലേഖനത്തിൽ പറയുന്നു: "വിശുദ്ധന്മാർക്ക് ഒരിക്കലായി ഏല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി ആത്മാർഥമായി പോരാടുവാൻ നിങ്ങളെ എഴുതി പ്രബോധിപ്പിക്കുന്നത് ആവശ്യം എന്ന് എനിക്കു തോന്നി—വാ.. 3:**

A ഈ വാക്യത്തിലെ *വിശ്വാസം* വ്യക്തിനിഷ്ഠമല്ല; അത് വസ്തുനിഷ്ഠമാണ്.

B. ഇവിടെ *വിശ്വാസം* എന്ന പദം നമ്മുടെ വിശ്വസിക്കുന്ന പ്രവൃത്തിയെ അല്ല, മറിച്ച് നമ്മുടെ വിശ്വാസത്തെ, നാം എന്തു വിശ്വസിക്കുന്നു എന്നതിനെ, സൂചിപ്പിക്കുന്നു.

C. യൂദാ 3-ലെ വിശ്വാസം പുതിയനിയമത്തിലെ ഉള്ളടക്കത്തെ നമ്മുടെ വിശ്വാസമായി സൂചിപ്പിക്കുന്നു, അതിൽ നമ്മുടെ പൊതുവായ രക്ഷയ്ക്കുവേണ്ടി നാം വിശ്വസിക്കുന്നു – പ്രവൃ. 6:7; 1 തിമൊ. 1:19; 3:9; 4:1; 5:8; 6:10, 21; 2 തിമൊ. 3:8; 4:7; തീത്തൊ. 1:13.

Jude. 1:3 പ്രിയരേ, നമ്മുടെ പൊതുരക്ഷയെ സംബന്ധിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല ശുഷ്കാന്തിയും ഉപയോഗിക്കുമ്പോൾ, വിശുദ്ധന്മാർക്ക് ഒരിക്കലായി ഏൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി ആത്മാർഥമായി പോരാടുവാൻ നിങ്ങളെ എഴുതി പ്രബോധിപ്പിക്കുന്നത് ആവശ്യം എന്ന് എനിക്കു തോന്നി.

Acts. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

1 Tim. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

1 Tim. 3:9 വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

1 Tim. 4:1 എന്നാൽ ആത്മാവ് സ്പഷ്ടമായി പറയുന്നു, വരുംകാലങ്ങളിൽ ചിലർ വഞ്ചിക്കുന്ന ആത്മാക്കൾക്കും ഭൂതങ്ങളുടെ

ഉപദേശങ്ങൾക്കും ശ്രദ്ധകൊടുത്തുകൊണ്ട് വിശ്വാസത്തിൽ നിന്ന് പിൻവാങ്ങും,

1 Tim. 5:8 എന്നാൽ ഒരുവൻ തന്റെ സ്വന്തക്കാർക്ക്, വിശേഷാൽ തന്റെ സ്വന്ത ഭവനക്കാർക്കു വേണ്ടി കരുതുന്നില്ലെങ്കിൽ, അവൻ വിശ്വാസം ത്യജിച്ച്, അവിശ്വാസിയെക്കാൾ വഷളായിരിക്കുന്നു.

1 Tim. 6:10 എന്തെന്നാൽ ദ്രവ്യാഗ്രഹം സകല തിന്മകളുടെയും ഒരു വേരാകുന്നു, അതിനാൽ ചിലർ, പണത്തിനു പിന്നാലെ കാംക്ഷിച്ചുകൊണ്ട്, വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കപ്പെടുകയും നിരവധി വേദനകൾ കൊണ്ട് തങ്ങളെത്തന്നെ തുളച്ചുകയറ്റുകയും ചെയ്തു.

1 Tim. 6:21 ഇതു നിമിത്തം ചിലർ, ഇത് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട്, വിശ്വാസം സംബന്ധിച്ച്, ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു. കൃപ നിങ്ങളോടു കൂടെയിരിക്കട്ടെ.

2 Tim. 3:8 യന്നേസും യംബ്രേസും മോശെയെ എതിർത്തതുപോലെ, ഇവരും സത്യത്തെ എതിർക്കുന്നു; ഇവർ മനസ്സിൽ ദുഷിക്കപ്പെട്ട മനുഷ്യർ, വിശ്വാസം സംബന്ധിച്ച് നിരാകരിക്കപ്പെട്ടവർ.

2 Tim. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

Titus. 1:13 ഈ സാക്ഷ്യം സത്യമാകുന്നു; ഇതു നിമിത്തം, അവർ യെഹൂദ കെട്ടുകഥകളും സത്യത്തിൽനിന്ന് തിരിഞ്ഞുമാറുന്ന മനുഷ്യരുടെ കൽപനകളും ശ്രദ്ധിക്കാതെ,

D. ഈ വിശ്വാസം, ഏതെങ്കിലും ഉപദേശമല്ല, വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിരിക്കുന്നു.

E. ഈ വിശ്വാസത്തിനായി നാം പോരാടണം—1 തിമൊ. 6:12.

1 Tim. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

**VIII. നാമെല്ലാവരും "വിശ്വാസത്തിന്റെ ഒരുമയിൽ എത്തിച്ചേരണം"—എഫെ. 4:12:**

A. ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന വിശ്വാസം വസ്തുനിഷ്ഠമായ വിശ്വാസമാണ്.

B. വിശ്വാസത്തിന്റെ ഒരുമ ദൈവപുത്രനെക്കുറിച്ചുള്ള നമ്മുടെ പൂർണ പരിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു—വാ. 12.

Eph. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,,

C. നാം ക്രിസ്തുവിനെ കേന്ദ്രമായി എടുക്കുകയും അവനിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ നമുക്ക് വിശ്വാസത്തിന്റെ ഒരുമയിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളൂ.